# പത്രക്കുറിപ്പ്

തിരുവനന്തപുരം: സിറ്റി പോലീസിന്റെ 'ഓപ്പറേഷൻ ശുഭയാത്ര'യു മായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ്, നഗരത്തിലെ വിദ്യാർത്ഥികളുമായി സർവ്വീസ് നടത്തുന്ന എല്ലാ സ്കൂൾ /സ്വകാര്യ വാഹനങ്ങളിലേയും ഡ്രൈവർമാർ /ആയമാർ /ക്ലീനർ എന്നിവർക്കായി തിരുവനന്തപുരം സിറ്റിഎ.ആർ ക്യാമ്പ് സഭാ ഹാളിൽ വച്ച് 27.05.2019 തീയതി രാവിലെ 10.30 മണിയ്ക്ക് നടത്തിയ ജില്ലാതല ട്രാഫിക് ബോധവത്കരണ ക്ലാസ്സ് ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ.കെ.സഞ്ചയ് കുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ അദ്ധ്യായന വർഷത്തിൽ വിദ്യാർതിഥികളുമായി യാത്ര ചെയ്യുന്ന എല്ലാ സ്കൾ വാഹനങ്ങളിലേയും ഡ്രൈവർമാർ/ ആയമാർ, എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ സ്വന്തം കുഞ്ഞുങ്ങളാണെന്നു കരുതി സുരക്ഷിതമായി വാഹനം ഓടിക്കണമെന്നും, 2019 വർഷം സ്കൂൾ വിദ്യാർത്ഥികളുമായി പോകുന്ന ഒരു വാഹനം പോലും അപകടത്തിൽ പെടില്ലായെന്നും, അപകട രഹിതമായ ഒരു സ്കൂൾ അദ്ധ്യായന വർഷം നമുക്ക് ഉറപ്പുവരുത്താമെന്നും ഇതിനായി എല്ലാവരും പ്രതിജ്ഞ ചെയ്യണമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുള്ളതുമാണ്.

തദവസരത്തിൽ ഡി.സി.പി ആർ.ആദിത്യ, ട്രാഫിക് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ നോർത്ത് & സൗത്ത്, ട്രാഫിക് പോലീസ് ഇൻസ്പെക്ടർമാരും സന്നിഹിതരായിരുന്നു. തുടർന്ന് ബോധവത്കരണ ക്ലാസ്സ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.എസ്.എം അരുൺ കുമാർ നേതൃത്വം നൽകിയിട്ടുള്ളതും നഗരത്തിലെ 600 ൽഷരം വരുന്ന ഡ്രൈവർമാർ/ ആയമാർ ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

ബോധവൽക്കരണ ക്ലാസിൽ താഴെ പറയുന്ന കാര്യങ്ങളാണ് വിശദമാക്കിയത്.

1. സുരക്ഷിത യാത്രയെ കുറിച്ചുള്ള ബോധവൽക്കരണം

2. സ്കൂൾ കുട്ടികളെയും കൊണ്ടുപോകുന്ന വാഹനങ്ങൾക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ട സുരക്ഷിതത്വ സുരക്ഷാമാനദണ്ഡങ്ങളെ കുറിച്ചുള്ള ക്ലാസുകൾ

3. സ്കൂൾ വാഹനങ്ങളിൽ പരമാവധി കയറ്റാവുന്ന കുട്ടികളുടെ എണ്ണത്തെയും മറ്റു സുരക്ഷാ മാനദണ്ഡങ്ങളും കുറിച്ചുള്ള ബോധവൽക്കരണം

4. സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരുടെ കുട്ടികളോടുള്ള പെരുമാറ്റത്തെ കുറിച്ചുള്ള ബോധവൽക്കരണം

5. വാഹനങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രേഖകളെ കുറിച്ചുള്ള ക്ലാസ്സുകളും നടത്തി

6. ഇത്തരം വാഹനങ്ങളിൽ മുഴുവൻ ജീവനക്കാരുടെയും സ്വഭാവ സർട്ടിഫിക്കറ്റ് വാങ്ങേണ്ടത് അതത് വാഹനങ്ങളുടെ ഉടമസ്ഥരുടെ ഉത്തരവാദിത്വമാണെന്നും ഏതെങ്കിലും തരത്തിൽ വീഴ്ചയുണ്ടായാൽ നിയമപരമായ നടപടി കൈക്കൊള്ളുമെന്നും ബോധവൽക്കരണം നടത്തി

ഇതു കൂടാതെ തിരുവനന്തപുരം സിറ്റിയിലെ എല്ലാ സ്റ്റേഷനുകളിലേയും എസ്.എച്ച്.ഒ മാരുടെ നേതൃത്വത്തിൽ സ്കൂൾ ബസ് ഡ്രൈവർമാർക്കും ആയമാർക്കുമുള്ള ട്രാഫിക് ബോധവത്കരണ പരിപാടികൾ പൂർത്തിയായിട്ടുള്ളതും, ഓപ്പറേഷൻ ശുഭ യാത്രയുമായി ബന്ധപ്പെട്ട് ട്രാഫിക് പോലീസും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി സ്കൂൾ വാഹനങ്ങൾ പരിശോധിച്ച് അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്ന് നൽകുന്ന സ്റ്റിക്കർ പതിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. എമർജൻസി എക്സിറ്റ്, എമർജൻസി വിൻഡോ തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങൾ നിർബന്ധമായും പാലിച്ചിട്ടുണ്ടോയെന്നും, വാഹനങ്ങളുടെ മറ്റു സുരക്ഷാ പരിശോധനകളുമാണ് നടക്കുന്നത്. ഇത്തരത്തിൽ 322 വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകി, .ഇത്തരത്തിലുള്ള പരിശോധനകൾ തുടർന്നു വരുന്നു.

തിരുവനന്തപുരം

27.05.2019

OFFICE OF THE COMMISSIONER OF POLICE THIRUVANANTHAPURAM CITY

ജില്ലാ പോലീസ് മേധാവി

തിരുവനന്തപുരം സിറ്റി.